**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2675 — 06.11.2019-ൽ മറുപടിക്ക്

## ഇടുക്കി ജില്ലയിൽ പട്ടികവർഗ്ഗ ഭവനരഹിതർക്കുള്ള ലാന്റ് ബാങ്ക് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ :** | | എ.കെ. ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വിഭാഗത്തിലെ ഭവന രഹിതർക്കായി വിഭാവനം ചെയ്ത് നടപ്പാക്കുന്ന ലാന്റ് ബാങ്ക് പദ്ധതികളിൽ ഇടുക്കി ജില്ലയിൽ നിന്ന് അർഹരായ എത്ര പേരുടെ അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്; വ്യക്തമാക്കുമോ; | എ) | ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഇടുക്കി ഐ.റ്റി.ഡി.പി ഓഫീസിന്റെ പരിധിയിലുള്ള 34 പേരുടെ 77.47 ഏക്കർ ഭൂമിയും അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പരിധിയിലുള്ള 26 പേരുടെ 54.06 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 60 പേരുടെ 131.53 ഏക്കർ വിൽപ്പനയ്ക്കായി അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷകൾ പരിശോധിച്ചതിൽ ഐ.റ്റി.ഡി.പി ഓഫീസ് പരിധിയിൽ ഏഴ് പേരുടെ 15.66 ഏക്കറും അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പരിധിയിൽ എട്ട് പേരുടെ 12.32 ഏക്കറും പഞ്ചായത്ത് തല കമ്മിറ്റി ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു. ജില്ലാ തല കമ്മിറ്റിയുടെ പരിശോധന നടന്നുവരുകയാണ്. |
| ബി) | ഇതിൽ എത്രപേർക്കാണ് സ്ഥലം വാങ്ങുന്നതിന് തുക അനുവദിച്ചിട്ടുള്ള തെന്ന് വെളിപ്പെടുത്തുമോ? | ബി) | ആർക്കും തുക അനുവദിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**